പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1380

12.7.2011 ൽ
മറുപടിയ്ക്ക്

## തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിൽ മാവേലി സ്റ്റോർ ആരംഭിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബാബു എം. പാലിശ്ശേരി ; | ശ്രീ. റ്റി.എം. ജേക്കബ്<br>(ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്തിൽ മാവേലി സ്റ്റോർ ആരംഭിക്കാൻ നടപടി ഉണ്ടാകണമെന്ന ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) പ്രസ്തുത അപേക്ഷയിൽ എന്ത് തീരുമാനമെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;<br><br>സി) ഇതു സംബന്ധിച്ച നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ? | ബി) യും സി) യും<br><br>ചൊവ്വന്നൂർ പഞ്ചായത്തിൽ മാവേലി സ്റ്റോറിനായി നിർദ്ദേശിച്ച സ്ഥലത്ത് നിന്ന് 1 കിലോമീറ്റർ മാത്രം ദൂരത്തിൽ കുന്നംകുളം മാവേലി സ്റ്റോറും ഏകദേശം 3 കി.മീറ്റർ ദൂരത്തിൽ പന്നിത്തടം മാവേലി സ്റ്റോറും നിലവിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ചൊവ്വന്നൂർ പഞ്ചായത്തിൽ ഒരു ശബരിസ്റ്റോറും പ്രവർത്തിച്ചു വരുന്നു. ഇക്കാരണത്താൽ ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലത്ത് മാവേലി സ്റ്റോർ ആരംഭിച്ചാൽ അത് സാമ്പത്തികമായി ഗുണകരമാവുകയില്ല. എന്നിരുന്നാലും, പ്രസ്തുത പഞ്ചായത്തിൽ സപ്ലൈകോയുടെ വില്പനശാലകൾ ഇല്ലാത്തതിനാൽ അനുയോജ്യമായ മറ്റൊരു സ്ഥലം പഞ്ചായത്ത് നിർദ്ദേശിക്കുന്ന മുറയ്ക്ക് സാദ്ധ്യതാപഠനം നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ